തീയതി : 02-09-2026
നമ്പർ : 27/2026

# മമ്പാട് ഗ്രാമ പഞ്ചായത്ത്

## പഞ്ചായത്ത് യോഗ നോട്ടീസ്

മാന്യരേ,

മമ്പാട് ഗ്രാമ പഞ്ചായത്തിന്റെ ഒരു സാധാരണ യോഗം 2026 സെപ്റ്റംബർ മാസം 07-ാം തീയതി തിങ്കളാഴ്ച 11:00 AM-ന് പഞ്ചായത്ത് ഹാളിൽ ചേരുന്നതാണ്. യോഗത്തിന്റെ അജണ്ട താഴെ ചേർക്കുന്നു. യോഗത്തിൽ എല്ലാ മെമ്പർമാരും പങ്കെടുക്കേണ്ടതാണ്.

Shameena Kanhirala
President

## അജണ്ട

## സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനങ്ങൾ

1. 10-07-2026 തീയതിയിലെ വികസന സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനങ്ങൾ.

   Download Report

2. 25-07-2026 തീയതിയിലെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനങ്ങൾ.

   Download Report

3. 31-08-2026 തീയതിയിലെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനങ്ങൾ.

   Download Report

4. 04-08-2026 തീയതിയിലെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനങ്ങൾ.

   Download Report

5. 24-06-2026 തീയതിയിലെ ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനങ്ങൾ.

   Download Report

6. 25-07-2026 തീയതിയിലെ വികസന സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനങ്ങൾ.

   Download Report

7. 23-07-2026 തീയതിയിലെ ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനങ്ങൾ.

   Download Report

## **വിഷയങ്ങൾ**

8. **വിഷയം (ഫയൽ നമ്പർ - 2030757-2026)**

   2026/27 വാർഷിക പദ്ധതി

   **വിവരണം**

   മമ്പാട് ഗ്രാമ പഞ്ചായത്ത് - പതിനാറാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുക ഉൾപ്പെടുത്തി പദ്ധതികൾ സുലേഖ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തുന്നതിനും ആവശ്യമായ പദ്ധതി ഭേദഗതികൾ നടപ്പിലാക്കുന്നതും സംബന്ധിച്ച്.

9. **വിഷയം (ഫയൽ നമ്പർ - 6909488-2026)**

   VB-G RAM (G) പദ്ധതിയിലെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകൽ

   **വിവരണം**

   വികസിത് ഭാരത് ഗ്യാരണ്ടി ഫോർ റോസ്ഗാർ ആൻഡ് അജീവിക മിഷൻ (ഗ്രാമീൺ) പദ്ധതിയിലെ ഇതോടൊപ്പം ഉള്ളടക്കം ചെയ്ത 1 മുതൽ 6 വരെയുള്ള പ്രവൃത്തികൾക്ക് പഞ്ചായത്ത് ഭരണാനുമതിക്കായി സമർപ്പിക്കുന്നു.

10. **വിഷയം (ഫയൽ നമ്പർ - 1758300-2026)**

    കൊട്ടേഷൻ അംഗീകരിക്കൽ

    **വിവരണം**

    മമ്പാട് ഗ്രാമ പഞ്ചായത്തിലെ **LID & EW Section, Assistant Engineer Office**-ൽ കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ തുടങ്ങിയ ഉപകരണങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനത്തിനും പരസ്പര ബന്ധിപ്പിക്കലിനുമായി ആവശ്യമായ **Networking Work** നടത്തുന്നതിനായുള്ള ലഭിച്ച കൊട്ടേഷൻ അംഗീകരിക്കൽ

11. **വിഷയം (ഫയൽ നമ്പർ - 4843014-2026)**

    കാരച്ചാൽ പ്രദേശത്തുള്ള കുടിവെള്ള പദ്ധതി കിണർ മലിനമാകുന്നതിനുള്ള പരിഹാരനടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് വാർഡ് മെമ്പറുടെ കത്ത്.

    **വിവരണം**

    കാരച്ചാൽ പ്രദേശത്തുള്ള 80 ൽ കൂടുതൽ കുടുംബങ്ങൾ ഉപയോഗിക്കുന്ന കുടിവെള്ള പദ്ധതി കിണറും, പമ്പ് ഹൌസും തോടിന്റെ സൈഡിലാണ് നിർമ്മിച്ചിട്ടുള്ളത്. മഴ ശക്തിപ്പെട്ടതിന് ശേഷം കിണറിലെ വെള്ളം കലങ്ങി മലിനമാകുന്നതായും, ആയതുമൂലം കുടിവെള്ളത്തിന് സ്വകാര്യ വ്യക്തികളുടെ കിണറുകളെ ആശ്രയിക്കേണ്ടി വരുന്നതായും, ആയതിനുള്ള പരിഹാര നടപടികൾക്കായി കിണറിനോട് ചേർന്നുള്ള സുരക്ഷാ മലിനമാകുന്നതിനുള്ള പരിഹാരനടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് വാർഡ് മെമ്പറുടെ കത്ത്.

    **സെക്രട്ടറിയുടെ കുറിപ്പ്**

Health standing committee to discuss and visit

12. **വിഷയം (ഫയൽ നമ്പർ - 1758300-2026)**

മമ്പാട് ഗ്രാമപഞ്ചായത്തിൽ ഉപേക്ഷിച്ച രണ്ട് പ്രവൃത്തികളുടെ എഗ്രിമെന്റ് റദ്ദാക്കുന്നതിനും, കരാറുകാരന്റെ സെക്യൂരിറ്റി ഡെപ്പോസിറ്റ് വിടുതൽ ചെയ്ത് നൽകുന്നതിനും അനുമതി നൽകുന്നത് സംബന്ധിച്ച്.

**വിവരണം**

മമ്പാട് ഗ്രാമപഞ്ചായത്തിൽ ശ്രീ. മുഹമ്മദ് താരിഖ്. സി (Muhammed Tharique C) കരാർ ഏറ്റെടുത്തിരുന്ന താഴെ പറയുന്ന രണ്ട് പ്രവൃത്തികൾ നിലവിൽ ഡ്രോപ്പ് ചെയ്യപ്പെട്ടിട്ടുള്ളതാണ്. ആയതിനാൽ പ്രസ്തുത പദ്ധതികളുടെ എഗ്രിമെന്റുകൾ ക്യാൻസൽ ചെയ്യുന്നതിനും, കരാറുകാരൻ സമർപ്പിച്ചിട്ടുള്ള എഫ്.ഡി (FD) തുകകൾ തിരികെ നൽകുന്നതിനുമായി ഭരണസമിതിയുടെ അനുമതിക്കായി സമർപ്പിക്കുന്നു.
**പ്രോജക്ട് വിവരങ്ങൾ:**
1. **പ്രവൃത്തി 1**
   - **പ്രവൃത്തിയുടെ പേര്:** പുന്നംകുന്ന് പൊതുകിണർ നിർമ്മാണം
   - **പ്രോജക്ട് നമ്പർ:** 17/23-24 (287/25-26)
   - **കരാറുകാരൻ:** മുഹമ്മദ് താരിഖ് സി. (Muhammed Tharique C)
   - **എഗ്രിമെന്റ് നമ്പർ & തീയതി:** 160/AE/MPD/LSGD/23-24, തീയതി: 12/03/2024
   - **എഫ്.ഡി (FD) വിവരങ്ങൾ:** Fd No. JI1362114, തീയതി: 12/03/2024
   - **എഫ്.ഡി തുക:** 11,400/- രൂപ
2. **പ്രവൃത്തി 2**
   - **പ്രവൃത്തിയുടെ പേര്:** ടാണ ബസ് കാത്തിരിപ്പ് കേന്ദ്രം നിർമ്മാണം
   - **പ്രോജക്ട് നമ്പർ:** 321/22-23 (382/25-26)
   - **കരാറുകാരൻ:** മുഹമ്മദ് താരിഖ് സി. (Muhammed Tharique C)
   - **എഗ്രിമെന്റ് നമ്പർ & തീയതി:** 135/AE/22-23, തീയതി: 13/03/2023
   - **എഫ്.ഡി (FD) വിവരങ്ങൾ:** Fd No. JI1307508, തീയതി: 13/03/2023
   - **എഫ്.ഡി തുക:** 5,100/- രൂപ

മേൽപ്പറഞ്ഞ രണ്ട് പ്രവൃത്തികൾ ഉപേക്ഷിച്ച സാഹചര്യത്തിൽ, ഇവയുടെ എഗ്രിമെന്റുകൾ റദ്ദാക്കുന്നതിനും, കരാറുകാരനായ ശ്രീ. മുഹമ്മദ് താരിഖ്. സി-യ്ക്ക് മുകളിൽ സൂചിപ്പിച്ച രണ്ട് എഫ്.ഡി-കളും (ആകെ 16,500/- രൂപ) തിരികെ നൽകുന്നതിനും ഭരണസമിതിയുടെ അനുമതിക്കായി സമർപ്പിക്കുന്നു.

**സെക്രട്ടറിയുടെ കുറിപ്പ്**

to discuss in committee

13. **വിഷയം (ഫയൽ നമ്പർ - 2030757-2026)**

കാരച്ചാൽ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് വാർഡ് മെമ്പറുടെ കത്ത്

**വിവരണം**

കാരച്ചാൽ കുടിവെള്ള പദ്ധതിയുടെ പമ്പ് ഹൗസിനോടനുബന്ധിച്ചുള്ള കിണർ മങ്ങാടൻ തോടിന്റെ ഒരു ഭാഗംചേർന്നാണ് സ്ഥാപിച്ചിട്ടുള്ളത്, മഴക്കാലത്ത് തോട്ടിൽ വെള്ളം

നിറയുമ്പോൾ കിണറിന്റെ സുരക്ഷാ റിംഗ് കവിഞ്ഞ് മലിന ജലം കിണറിലേക്ക് എത്തുന്നുണ്ട്. ഇതുകാരണം ഇതിലെ ജലം ഇപ്പോൾ ഉപയോഗശൂന്യമായ രീതിയിലാണ് ആയത് പരിഹരിക്കുന്നതിനുള്ള തുടർനടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് വാർഡ് മെമ്പറുടെ കത്ത് ഭരണസമിതിയുടെ പരിഗണനക്കായി.

14. **വിഷയം (ഫയൽ നമ്പർ - 6139912-2026)**

മമ്പാട് ഗ്രാമപഞ്ചായത്ത് -ഭീഷണിയായ മരങ്ങൾ വെട്ടിമാറ്റുന്നത് സംബന്ധിച്ച്

**വിവരണം**

ശ്രീ.മുഹമ്മദാലി പി,പുല്ലൻ ,ഹൌസ്,കൊന്നാചേരി,നടുവത്ത് , പി.ഒ എന്നവർ 27/07/2026-ൽ ഈ ഓഫീസിൽ സമർപ്പിച്ച പരാതിയിൽ സ്ഥലപരിശോധന നടത്തുകയും കൃഷിയിടതത്തിലേക്ക് ചാഞ്ഞ് നിൽക്കുന്ന റബ്ബർ മരത്തിന്റെ ശിഖരങ്ങൾ വെട്ടിമാറ്റുന്നതിന് സ്ഥലയുടമക്ക് കത്ത് നൽകിയിട്ടുള്ളതുമാണ്, അനുവദിച്ച സമയപരിധി കഴിഞ്ഞിട്ടും സ്ഥലയുടമ ശിഖരങ്ങൾ വെട്ടിമാറ്റുകയോ മറുപടി ഈ ഓഫീസിൽ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല, സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിൽ ഉള്ള സ്ഥലത്തെ മരങ്ങൾ ആയതിനാൽ കേരളാ പഞ്ചായത്തരാജ് ആക്ട് 238 പ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിച്ച് ,പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാന പ്രാകരം നടപടി സ്വീകരിക്കേണ്ടതുണ്ട്. ആയതിനാൽ ഭീഷണിയായി നിൽക്കുന്ന റബ്ബർ മരത്തിന്റെ ശിഖരങ്ങൾ പഞ്ചായത്തിന്റെ ഉത്തരവാദിത്ത്വത്തിൽ വെട്ടിമാറ്റുന്നതിനും ചിലവ് വരുന്ന തുക ഉടമ ശ്രീ.അബ്ദുറഹിമാൻ,പുളിക്കൽ ഹൌസ്, കുന്നുംപുറം,നടുവത്ത് പി ഒ, എന്നിവരിൽ നിന്നും ഈടാക്കുന്നതിനും ഭരണ സമിതി തീരുമാനത്തിനും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

ശരിപകർപ്പ്
സെക്രട്ടറി